**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **06-10-2021 - ൽ മറുപടിയ്ക്ക്**

**നീർച്ചാലുകളുടെ ശുദ്ധീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഒഴുക്കുനിലച്ച് നീർച്ചാലുകൾ മലിനപ്പെടുന്നത് തടയാനായി ആരംഭിച്ച ഇനി ഞാനൊഴുകട്ടെ എന്ന കാമ്പയിനിലൂടെ എത്ര നീർച്ചാലുകൾ ശുദ്ധീകരിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളുടെ ശൃംഖല ജനകീയമായി ശുചിയാക്കി വീണ്ടെടുക്കുന്നതിന് വേണ്ടി "ഇനി ഞാനൊഴുകട്ടെ" എന്ന കാമ്പയിനിലൂടെ മൂന്നു ഘട്ടങ്ങളിലായി 10252.57 കിലോമീറ്റർ നീളത്തിൽ 6847 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രളയത്തിനുശേഷം ഏതെല്ലാം ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല, വർഷം എന്നിവ തിരിച്ച് വിശദമാക്കുമോ; | (ബി) | നിർമ്മാണാനന്തരം വിവിധ തരത്തിലും തോതിലുമുള്ള പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഡാമുകളുടെ സംഭരണശേഷിയിൽ കുറവ് സംഭവിക്കാറുണ്ട്. 2018 ലെ പ്രളയത്തിന് മുൻപായിത്തന്നെ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ/ചളി/മണൽ/ മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള "അംഗീകൃത പ്രവർത്തനരേഖ (SOP)" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018 ലെ പ്രളയാനന്തരം മംഗലം - (പാലക്കാട്) ചുള്ളിയാർ- (പാലക്കാട്) ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണ്ണും എക്കലും ചളിയും നീക്കം ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി 17-12-2020 മുതൽ നടന്നുവരികയും ചെയ്യുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി, തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ (പാലക്കാട്), മീൻകര (പാലക്കാട്) - ഡാമുകളുടെ ഡീസിൽറ്റേഷൻ നിർവ്വഹിക്കുന്നതിന് Kerala State Mineral Development Corporation Limited (KEMDEL) മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലമ്പുഴ (പാലക്കാട്), കാരാപ്പുഴ (പാലക്കാട്), മലങ്കര (ഇടുക്കി) എന്നീ ഡാമുകളുടേയും പഴശ്ശി (കണ്ണൂർ), മണിയാർ (പത്തനംതിട്ട) എന്നീ |

| | | | |
|---|---|---|---|
| | | | ബാരേജുകളുടേയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള DPR തയ്യാറാക്കുന്നതിനുള്ള കരാർ നടപടി സ്വീകരിക്കുന്നതിന് 01-07-2021-ൽ അനുമതി നൽകിയിട്ടുണ്ട്. പെരിയാർ വാലി ജലസേചന പദ്ധതിയ്ക്ക് കീഴിൽ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ട് ബാരേജാണുള്ളത്. ജലവിതരണത്തിനു ശേഷം മഴക്കാലമാകുന്നതോടെ ബാരേജിന്റെ ഷട്ടറുകളെല്ലാം തുറന്നുവയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണലും അടിഞ്ഞു കിടക്കാറില്ല. പമ്പാ ജലസേചന പദ്ധതിയ്ക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ മണിയാർ ബാരേജിൽ ബാത്തിമെട്രിക് സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കല്ലട ജലസേചന പദ്ധതിയുടെ കീഴിലുള്ള തെന്മല ഡാമിലും 2018-ൽ സെഡിമെന്റേഷൻ സ്റ്റഡി നടത്തുകയും 28Mm3 മണൽ അടിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. തൃശ്ശൂർ ജില്ലയിലെ വാഴാനി ഡാമിന്റെ സംഭരണശേഷിയിൽ കുറവുവന്നിട്ടില്ല. |
| (സി) | ഭൂജലസംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ? | (സി) | ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലവകുപ്പ് മുഖേന നടപ്പാക്കിയ 325 പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## ഇനി ഞാനൊഴുകട്ടെ കാമ്പയിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ

| ക്രമ നം | ജില്ല | ഒന്നാം ഘട്ടം | | രാം ഘട്ടം | | മൂന്നാം ഘട്ടം | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | നീർച്ചാലുകളുടെ എണ്ണം | നീളം (കി.മീ.) | നീർച്ചാലുകളുടെ എണ്ണം | നീളം (കി.മീ.) | നീർച്ചാലുകളുടെ എണ്ണം | നീളം (കി.മീ.) | നീർച്ചാലുകളുടെ എണ്ണം | നീളം (കി.മീ.) |
| 1 | തിരുവനന്തപുരം | 101 | 167.5 | 749 | 836.83 | 103 | 107.75 | 953 | 1112.08 |
| 2 | കൊല്ലം | 73 | 292.87 | 50 | 201.4 | 38 | 92.97 | 161 | 587.24 |
| 3 | പത്തനംതിട്ട | 60 | 179.15 | 174 | 183.88 | 31 | 40.77 | 265 | 403.8 |
| 4 | ആലപ്പുഴ | 33 | 47.23 | 655 | 321.23 | 112 | 82.97 | 800 | 451.43 |
| 5 | കോട്ടയം | 56 | 186.25 | 177 | 231.6 | 81 | 172 | 314 | 589.85 |
| 6 | ഇടുക്കി | 40 | 117.5 | 346 | 478.87 | 50 | 64.75 | 436 | 661.12 |
| 7 | എറണാകുളം | 37 | 52.45 | 955 | 914.76 | 506 | 737.36 | 1498 | 1704.57 |
| 8 | തൃശൂർ | 75 | 81.37 | 73 | 97.85 | 42 | 59.82 | 190 | 239.04 |
| 9 | പാലക്കാട് | 93 | 291.27 | 59 | 96.55 | 394 | 553.23 | 546 | 941.05 |
| 10 | മലപ്പുറം | 35 | 71.83 | 72 | 666.59 | 119 | 163.57 | 226 | 901.99 |
| 11 | കോഴിക്കോട് | 28 | 199.64 | 456 | 455.67 | 63 | 610.63 | 547 | 1265.94 |
| 12 | വയനാട് | 22 | 54.15 | 249 | 355.67 | 18 | 18.05 | 289 | 427.87 |
| 13 | കണ്ണൂർ | 69 | 208.63 | 180 | 232.77 | 64 | 131.85 | 313 | 573.25 |
| 14 | കാസർഗോഡ് | 32 | 84.76 | 220 | 182.43 | 57 | 126.15 | 309 | 393.34 |
| | ആകെ | 754 | 2034.6 | 4415 | 5256.1 | 1678 | 2961.87 | 6847 | 10252.57 |

## അനുബന്ധം 2

ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 60 |
| കൊല്ലം | 41 |
| പത്തനംതിട്ട | 19 |
| ആലപ്പുഴ | 19 |
| കോട്ടയം | 18 |
| ഇടുക്കി | 12 |
| എറണാകുളം | 26 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 17 |
| മലപ്പുറം | 18 |
| കോഴിക്കോട് | 5 |
| വയനാട് | 6 |
| കണ്ണൂർ | 39 |
| കാസർഗോഡ് | 41 |
| **ആകെ** | **325** |